**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 444** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണങ്ങളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . സണ്ണി ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ കൊവിഡ് മരണങ്ങൾ മറച്ചു വയ്ക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഐ.സി.എം.ആർ ഉം, ഡബ്ല്യു.എച്ച്.ഒ യും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തിയിട്ടുള്ള പഠനം പരിശോധിച്ചിട്ടില്ല. ആരോഗ്യ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം മരണ കാരണം കോവിഡ് മൂലമോ അല്ലയോ എന്നത് ചികിത്സിച്ചിരുന്ന ഡോക്ടറാണ് സ്ഥിരീകരിക്കുന്നത്. 2021 ജൂൺ 30 വരെ ആരോഗ്യവകുപ്പ് 13325 മരണമാണ് കോവിഡ് മൂലമാണ് എന്ന് സ്ഥിരീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2021 മാർച്ച് മുതൽ മേയ് വരെയുള്ള മാസങ്ങളിൽ കോവിഡ് മരണങ്ങൾ മാനദണ്ഡപ്രകാരമാണ് റിപ്പോർട്ട് ചെയ്തത്. ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, കൃത്യമായ മെഡിക്കൽ ബുള്ളറ്റിനിൽ ജില്ലയിൽ നിന്ന് അയച്ചു തന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് മൂലമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിച്ചിരുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇവ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്തിരുന്നത്. Brought dead ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധന ഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത് ആയവ പരിഹരിച്ച് തരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചു തന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺകോവിഡ് എന്നിങ്ങനെ തിരിക്കുന്നത്. 2021 ജൂൺ 16 തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണ കണക്ക് ജില്ലകൾ നേരിട്ട് ഓൺലൈനായി റിപ്പോർട്ട് ചെയ്തു വരുന്നു. ഔദ്യോഗികമായി കോവിഡ് മരണമാണെന്ന് റിപ്പോർട്ട് ചെയ്ത മരണങ്ങളുടെ വിവരങ്ങളറിയാൻ 'ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ' നിലവിലുണ്ട്. |
| (ബി) | വിവരാവകാശനിയമം വഴി 13 .07.2021-ന് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭിച്ച കൊവിഡ് മരണങ്ങളുടെ കണക്കിലും ആരോഗ്യ വകുപ്പിന്റെ കണക്കിലും ഏഴായിരം മരണങ്ങളുടെ വ്യത്യാസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഐ.സി.എം.ആർ ഉം, ഡബ്ല്യൂ.എച്ച്.ഒ യും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തിയിട്ടുള്ള പഠനം പരിശോധിച്ചിട്ടില്ല. ആരോഗ്യ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം മരണ കാരണം കോവിഡ് മൂലമോ അല്ലയോ എന്നത് ചികിത്സിച്ചിരുന്ന ഡോക്ടറാണ് സ്ഥിരീകരിക്കുന്നത്. 2021 ജൂൺ 30 വരെ ആരോഗ്യവകുപ്പ് 13325 മരണമാണ് കോവിഡ് മൂലമാണ് എന്ന് സ്ഥിരീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2021 മാർച്ച് മുതൽ മേയ് വരെയുള്ള മാസങ്ങളിൽ കോവിഡ് മരണങ്ങൾ മാനദണ്ഡപ്രകാരമാണ് റിപ്പോർട്ട് ചെയ്തത്. ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, കൃത്യമായ മെഡിക്കൽ ബുള്ളറ്റിനിൽ ജില്ലയിൽ നിന്ന് അയച്ചു തന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് മൂലമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിച്ചിരുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇവ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്തിരുന്നത്. Brought dead ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധന ഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത് ആയവ പരിഹരിച്ച് തരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചു തന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാനതലത്തിൽ |

| | | | |
|---|---|---|---|
| | | | ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺകോവിഡ് എന്നിങ്ങനെ തിരിക്കുന്നത്. 2021 ജൂൺ 16 തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണ കണക്ക് ജില്ലകൾ നേരിട്ട് ഓൺലൈനായി റിപ്പോർട്ട് ചെയ്തു വരുന്നു. ഔദ്യോഗികമായി കോവിഡ് മരണമാണെന്ന് റിപ്പോർട്ട് ചെയ്ത മരണങ്ങളുടെ വിവരങ്ങളറിയാൻ 'ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ' നിലവിലുണ്ട്. |
| (സി) | കൊവിഡ് മരണങ്ങൾ ശരിയായ രീതിയിൽ കണക്കാക്കുന്നതിൽ ആരോഗ്യ വകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (സി) | ഇല്ല. ICMR ഉം WHOയും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, കൃത്യമായ മെഡിക്കൽ ബുള്ളറ്റിൻ ജില്ലയിൽ നിന്ന് അയച്ചുതന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് മൂലമാണോ അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിച്ചിരുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇവ ക്രോഡീകരിച്ചാണ് റിപ്പോർട്ട് ചെയ്യുന്നത്. “Brought dead¨ ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധനാഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത് ആയവ പരിഹരിച്ചുതരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചുതന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺ കോവിഡ് എന്നിങ്ങനെ തരംതിരിയ്ക്കുന്നത്. കോവിഡ് മരണം റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 2021 ജൂൺ 16- ാം തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണനിരക്ക് ജില്ലകൾ നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനായി സജ്ജമാക്കിയ ഗവൺമെന്റ് പോർട്ടലിൽ ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസർമാർ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ചെയ്യുകയും, സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ